പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 26** **22-06-2026-ൽ മറുപടിയ്ക്ക്**

**ലോട്ടറി മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ജയന്ത് ശ്രീ. വി. ഡി. സതീശൻ

ശ്രീ. സജീവ് ജോസഫ് (മുഖ്യമന്ത്രി)

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

**(എ)** ലോട്ടറി നറുക്കെടുപ്പ് സുതാര്യമാക്കുന്നതിനും ലോട്ടറി മേഖലയെ ശക്തിപ്പെടുത്തുന്നതിനും എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഭാഗ്യക്കുറി നറുക്കെടുപ്പ് പ്രക്രിയ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നറുക്കെടുപ്പ് മെഷീനുകളുടെ സുതാര്യതയും പ്രവർത്തനക്ഷമതയും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതി പരിശോധിച്ച് പ്രവർത്തനക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തി സീൽ ചെയ്ത നറുക്കെടുപ്പ് മെഷീനിൽ മാത്രമാണ് ഭാഗ്യക്കുറി നറുക്കെടുപ്പുകൾ നടത്താറുള്ളത്. നറുക്കെടുപ്പിന്റെ വിശ്വാസ്യതയും സുതാര്യതയും കൂടുതൽ ജനകീയമാക്കുന്നതിനായി ഭാഗ്യക്കുറി നറുക്കെടുപ്പുകൾ പൂർണമായും 4 ഉപഗ്രഹ ടെലിവിഷൻ ചാനലുകളിലും വകുപ്പിന്റെ ഔദ്യോഗിക യൂട്യൂബ് ചാനലിലും തൽസമയം സംപ്രേഷണം ചെയ്ത് വരുന്നുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് നറുക്കെടുപ്പ് നേരിൽ കാണുവാനുള്ള സൗകര്യവും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഭാഗ്യക്കുറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഭാഗ്യക്കുറി ടിക്കറ്റ് സീരീസുകളുടെ എണ്ണം വർദ്ധിപ്പിച്ച് അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഇതിന് അനുയോജ്യമായ രീതിയിൽ പുതിയ നറുക്കെടുപ്പ് യന്ത്രം രൂപകല്പന ചെയ്യുന്നതിനുമുള്ള നടപടികൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, ഡയറക്ടറേറ്റ് അനക്സ്, ഭാഗ്യക്കുറി വകുപ്പിന്റെ നറുക്കെടുപ്പ് വേദി, സമ്മാന ജേതാക്കൾ, ഏജന്റുമാർ, വില്പനക്കാർ, ജീവനക്കാർ തുടങ്ങിയവർക്ക് പരിശീലനം നല്കുന്നതിനുള്ള കേന്ദ്രം, വിവിധ ഭാഗ്യക്കുറി ടിക്കറ്റുകളുടെ ലോഞ്ച് ഇവന്റുകൾ സംഘടിപ്പിക്കുന്നതിനുള്ള വേദി തുടങ്ങി വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്ക് അനുഗുണമായ രീതിയിൽ ഭാഗ്യഭവൻ എന്ന പേരിൽ ഭാഗ്യക്കുറി വകുപ്പിന് സ്വന്തമായ ഒരു ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ വയോജന/ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ/സബ് ഓഫീസുകളും കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ആക്കുന്നതിനും പുതിയ ഭാഗ്യക്കുറി സബ് ഓഫീസുകൾ ആരംഭിക്കുന്നതിനും ഭാഗ്യക്കുറി നറുക്കെടുപ്പ് കൂടുതൽ

ജനകീയമാക്കുന്നതിനായി സാമൂഹിക മാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനുമുള്ള സാധ്യത ഭാഗ്യക്കുറി വകുപ്പ് പരിശോധിച്ചു വരുന്നുണ്ട്.

**(ബി)** സംസ്ഥാനത്ത് ലോട്ടറി വില്പനക്കാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** സ്വന്തമായി ഭൂമി ഇല്ലാത്ത ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നല്കുന്ന പദ്ധതി, അന്ധരായ ക്ഷേമനിധി അംഗങ്ങൾക്ക് വാക്കിങ് സ്റ്റിക്, പണം തിരിച്ചറിയുവാൻ സാധിക്കുന്ന സെൻസർ അടക്കമുള്ള Android മൊബൈൽ ഫോൺ, എല്ലാ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകളിലേക്കും ഓരോ വീൽ ചെയർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി, നാല്പത് ശതമാനത്തിലധികം കാഴ്ച പരിമിതിയുള്ള ക്ഷേമനിധി അംഗങ്ങൾക്ക് കണ്ണട വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ പ്രീ-പ്രൈമറി, പ്രൈമറി തലങ്ങളിൽ പഠിക്കുന്ന മക്കൾക്ക് ബാഗ്, മറ്റ് പഠനോപകരണങ്ങൾ, കുട/റെയിൻ കോട്ട് എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങൾക്ക് തൊപ്പി, ടിക്കറ്റ് നനയാതെ സൂക്ഷിക്കുന്നതിന് ഫയൽ, കുട എന്നിവ നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കുന്നത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ പരിഗണനയിലുണ്ട്.

**(സി)** കാരുണ്യ ലോട്ടറി വഴി കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് ലഭ്യമായ തുക അർഹരായ ഗുണഭോക്താക്കളിലേയ്ക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** നാഷണൽ ഹെൽത്ത് അതോറിറ്റി നൽകുന്ന ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റം (TMS) എന്ന സോഫ്റ്റ്‌വെയർ സംവിധാനവുമായി ബന്ധിപ്പിച്ചാണ് കാരുണ്യ ബനവലന്റ് പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ ഗുണഭോക്താവിന്റെ ആധാർ കാർഡുമായി ബന്ധിപ്പിച്ച് യഥാർത്ഥ ഗുണഭോക്താവിന് മാത്രമാണ് ചികിത്സ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താൻ സാധിക്കും. കൂടാതെ, ഗുണഫലം പണമായി നൽകാതെ തിരഞ്ഞെടുത്ത ആശുപത്രികളിലൂടെ ക്യാഷ്‌ലെസ്സ് ചികിത്സയായാണ് നല്കിവരുന്നത്. ചികിത്സ നല്കിയ ഇനത്തിൽ ആശുപത്രികളുടെ ക്ലെയിം തുക പരിശോധനകൾക്ക് ശേഷം അംഗീകാരം നേടുന്ന മുറയ്ക്ക് ആശുപത്രികളുടെ അക്കൗണ്ടിലേയ്ക്കാണ് നല്കുന്നത്. ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റം (TMS) എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിക്കുന്നതിനാൽ, ഗുണഭോക്താവിന് ഇന്ത്യയിലെവിടെയും ഈ പദ്ധതിയിലൂടെ ചികിത്സ ലഭ്യമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**